10. വെറ്റിലപ്പാറ, മഞ്ചേരി
11. വള്ളുവമ്പ്രം, മഞ്ചേരി,
12. മുക്കിലപ്പീടിക, തിരൂർ
13. പടപ്പറമ്പ്, പെരിന്തൽമണ്ണ
14. പുതിയേടത്ത് പറമ്പ, തിരൂരങ്ങാടി
15. എടപ്പറ്റ, പെരിന്തൽമണ്ണ
16. കോഴിക്കോട്ടുപറമ്പ്, പെരിന്തൽമണ്ണ
17. നിറമരുതൂർ, തിരൂർ
18. വിളയിൽ, മഞ്ചേരി
19. ചപ്പനങ്ങാടി, തിരൂർ
20. പഞ്ചായത്ത്പടി, തിരൂരങ്ങാടി
21. കാനട്പറമ്പ്, തിരൂരങ്ങാടി.

മേൽപ്പറഞ്ഞവയിൽ ക്രമ നമ്പർ 18 വരെയുള്ളവ (18 ഉൾപ്പെടെ) പ്രവർത്തനം ആരംഭിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചു നിലവിൽ പ്രസ്തുത മണ്ഡലത്തിൽ അനുമതി നൽകിയിട്ടും പ്രവർത്തനം ആരംഭിക്കാത്ത മാവേലി സ്റ്റോറുകൾ ഇല്ല.

നിത്യോപയോഗ സാധനങ്ങളുടെ ന്യായവില

233 (1267) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) മിഷൻ 676-ൽ പരാമർശിക്കപ്പെട്ട നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനായി സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു :

ക്രമ നമ്പർ	ഇനം	നിവിലെ സബ്സിഡി വില
1	ചെറുപയർ	74.00
2	ഉഴുന്ന് ബോൾ	66.00
3	വൻകടല	43.00
4	വൻപയർ	45.00
5	തുവരപ്പരിപ്പ്	65.00
6	മുളക്	75.00
7	മല്ലി	100.00
8	പഞ്ചസാര	25.00
9	ജയ അരി	25.00
10	കുറുവ അരി	25.00
11	മട്ട അരി	25.00
12	പച്ചരി സോർട്ടക്സ്	23.00
13	വെളിച്ചെണ്ണ (ലിറ്ററിന്)	130.00

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അരിയും പലവ്യജ്ഞനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5-30% വരെ വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് ഒരു കിലോ പായ്ക്കറ്റിന് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും 1300 ഓളം സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം ചെയ്തുവരുന്നു

ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റ് വരുന്നു. കൂടാതെ, സാമ്പാർപൊടി, രസപ്പൊടി, ചിക്കൻമസാല, പുട്ടുപൊടി, അപ്പംപൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ, എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വിലക്കുറവിൽ ലഭ്യമാക്കിവരുന്നു.

ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കി വിലക്കയറ്റം പിടിച്ചുനിർത്താൻ സഹായിക്കുന്നു.